## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *530** **26.10.2016-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.സി.കൃഷ്ണൻ
ശ്രീ.വി. കെ. സി. മമ്മത് കോയ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ നിർദ്ധന കുടുംബങ്ങളിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിനായി എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | 2016-17 വർഷം നിർദ്ധനരായ പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി 1,75,00,000/- രൂപയാണ് (ഒരുകോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) നീക്കി വച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത ധനസഹായം അർഹരായവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി എസ്.റ്റി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | സി) | ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എസ്.ടി.പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചരണം നടത്തി അപേക്ഷയും ബന്ധപ്പെട്ട രേഖകളും സ്വീകരിച്ചാണ് വിവാഹ ധനസഹായം നൽകി വരുന്നത്. അപേക്ഷ തയ്യാറാക്കുന്നതിനും, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട ആഫീസിൽ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുന്നത് എസ്.ടി പ്രൊമോട്ടർമാരാണ്. ടി ആവശ്യത്തിലേയ്ക്ക് എസ്.ടി പ്രൊമോട്ടർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ